## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5982    08/07/2013 ലെ മറുപടിക്ക്

# പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കറ്റ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ:<br>,, ആർ. സെൽവരാജ്:<br>,, എം. പി. വിൻസെന്റ്:<br>,, എ. പി. അബ്ദുള്ളക്കുട്ടി: | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയോ; | (എ) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ ; | (ബി) | സംസ്ഥാനത്തെ പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളുടെയും പഞ്ചായത്തുകളുടെയും പ്രവർത്തനങ്ങളുടെയും സേവനങ്ങളുടേയും നിലവാരം മെച്ചപ്പെടുത്തുക, അത് വഴി സ്ഥാപനങ്ങളുടെ നിലവാര വികസനം പ്രോത്സാഹിപ്പിക്കലാണ് ലക്ഷ്യം. |
| (സി) | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കിട്ടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം വിശദമാക്കുമോ ; | (സി) | സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന മാനേജ്മെന്റ് തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഐ.എസ്.ഒ സാക്ഷ്യപത്രം നൽകുന്നത്. സ്ഥാപനം ഗുണഭോക്താക്കളോട് ആഭിമുഖ്യം പുലർത്തുന്നതും, ശരിയായ നേതൃത്വം നൽകപ്പെടുന്നതുമാകണം. നൽകപ്പെടുന്ന സേവനങ്ങൾ ഗുണനിലവാര |

| | | | |
|---|---|---|---|
| | | | മുള്ളതും സമയബന്ധിതവുമാകണം. കമ്മ്യൂണിക്കേഷൻ താഴെനിന്നും മുകളിലേയ്ക്കുള്ളതായാലും, സമാന്തരമായാലും അതിന് നിശ്ചിത പന്ഥാവുള്ളതും ലളിതവും വേഗത്തിലുമാകണം. റിക്കാർഡുകൾ കൃത്യതയുള്ളതും വീണ്ടെടുക്കാൻ വേഗത്തിൽ കഴിയും വിധം സൂക്ഷിക്കപ്പെടുന്നവയുമായിരിക്കണം. ഒരിക്കൽ സർവ്വീസ് മെച്ചപ്പെടുത്താനായാൽ അത് തുടർച്ചയായി പരിശോധിക്കാനും കൂടുതൽ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും വിധത്തിലുള്ളതുമാകണം. |
| (ഡി) | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന പഞ്ചായത്തുകളിൽ എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നിലവിൽ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക, കൂടുതൽ വേഗത്തിലാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ